# കരിമ്പുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

E-mail:- dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.12-213/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി- 31.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കരിമ്പുഴ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കരിമ്പുഴ ഗ്രാമ പഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരിമ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം(ഇമെയിൽ മുഖേന)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.12-213-17
തിയ്യതി: 31.01.2017

പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16
സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 08/2016തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് 8/2016 ന് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് 13-04-2016 മുതൽ 8-11-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയിൽ പ്രസക്തമായ അപാകതകെളാന്നും റിപ്പോർട്ട് ചെയ്യിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും 03-2016 മാസത്തെ വിവിധ അക്കൌണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരേശാധിച്ചിട്ടുള്ളത്.

| രസീത് ഇനം | പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം. |
|---|---|---|
| സാംഖ്യ രസീത് | 120 (4645840 മുതൽ 4645960 വരെ) | 6062 |
| മാന്വൽ രസീത് ബുക്കുകൾ | 7 (27037 മുതൽ 27043 വരെ) | 7 (27037 മുതൽ 27043 വരെ) |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശൊധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യ ത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ |
| | ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 9.11.2016മുതൽ 18.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എൻ.സുമേഷ്<br>ശ്രീ.ശ്രീജിത്.പി.ഡി<br>ഉഷാകുമാരി.വി.ടി | ഓഡിറ്റ് ഓഫീസർ<br>സീ.ഗ്രേഡ് ഓഡിറ്റർ<br>സീ.ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കുന്നത്ത് മൊയ്തീൻ<br>ശ്രീമതി.ഷീബ.പി.ടി | 1.4.2015മുതൽ 11.11.2015 വരെ<br>11.11.2015മുതൽ 31.3.2016 വരെ |
| സെക്രട്ടറി | ശ്രീ.സന്തോഷ് വർഗ്ഗീസ് (ചാർജ്ജ്) | 1.4.2015മുതൽ- 26.7.2015 വരെ |
| | ശ്രീ.രാജേഷ് കുമാർ | 27-07-2015മുതൽ 31.03.2016വരെ |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എൻജിനീയർ | ലിനമോൾ ജോസ് | 1.4.2015മുതൽ- 26.7.2015 വരെ |
| | ശ്രീ.കെ.പി.ബാലകൃഷ്ണൻ | 1.10.2015മുതൽ- 31.3.2016 വരെ |
| വി.ഇ.ഒ | രജിത.വി | 1.4.2015മുതൽ 05.1.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.ടി.ആർ.ജയകുമാർ | 1.4.2015മുതൽ 05.01.2016 വരെ |
| | ഡോ.രഞ്ജിത് മോഹൻ | 06.01.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.ഷിജോയ്.പി | 1.4.2015 മുതൽ 23.6.2015 വരെ |
| | ഡോ.യാഹിയ ബാബു | 24.06.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.എസ്.ആഷ | 1.4.2015മുതൽ 31.3.2016 വരെ |
| കൃഷി ഓഫീസർ | ജോസഫ്.ടി.എം | 1.4.2015മുതൽ 31.3.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.സുഷമ.പി.ജി | 1.4.2015 മുതൽ 31.3.2016 വരെ |
| ഹെഡ് മിസ്ട്രസ്/ ഹെഡ് മാസ്റ്റർ | ശ്രീമതി.കെ.കെ.പ്രേമകുമാരി | 01.04.2015മുതൽ 04.06.2015 വരെ |
| | ശ്രീ.പരമേശ്വരൻ.ഇ.എസ് | 05-06-2015 മുതൽ 31-03-2016 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സന്തോഷ് വർഗ്ഗീസ് | 1.4.2015 മുതൽ 31.3.2016 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രിക | 1(11) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബിൽഡിംഗ് പെർമിറ്റ് അപാകതകൾ സംബന്ധിച്ച് | 2(1) |
| 2 | ഡി & ഒ ലൈസൻസ് ഫീ അപാകതകൾ സംബന്ധിച്ച് | 2(2) |
| 3 | തൊഴിൽ നികുതി ഈടാക്കി യിട്ടില്ല | 2(3) |
| 4 | ഡി & ഒ ലൈസൻസ് ഫീ അപാകതകൾ സംബന്ധിച്ച് | 2(4) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പാലിയേറ്റീവ് കെയർ-വാഹനവാടക സർക്കാർ അനുവദിച്ച നിരക്കിലും അധികം നൽകി | 3(1) |
| 2 | കമ്പ്യൂട്ടർ വാങ്ങൽ-അപാകങ്ങൾ | 3(2) |
| 3 | കണക്ടവിറ്റി പ്ലാൻ നടപ്പാക്കിയില്ല | 3(3) |
| 4 | കരുതൽ നിക്ഷേപം ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്ത് വരവ് വച്ചിട്ടില്ല. | 3(4) |
| 5 | കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതം അടവാക്കിയത് നിരീക്ഷിക്കാൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 3(5) |
| 6 | അസാധാരണ ചെലവ്-ചട്ടങ്ങൾ പാലിക്കണം | 3(6) |
| 7 | ആശ്രയ പദ്ധതി- അവലോകനം | 3(7) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

| |
|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി |
| 1/23.3.2015 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 31.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 31621875 |
| വരവ് | 52378744 |
| ആകെ | 84000619 |
| ചെലവ് | 63331109 |
| നീക്കിബാക്കി | 20669510 |

## 1-5 ഫണ്ട് വിനിയോഗം

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | | ആകെ തുക | ആകെ ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | തിരിച്ചടച്ചത്/ ലാപ്സ് ആയത് | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|---|---|
| | | മറ്റ് ഫണ്ടുകളിൽ നിന്ന് TC ആയി വന്ന തുക | അലോക്കേഷൻ വരവ് | | | | | |
| വികസന ഫണ്ട് (ജനറൽ) | 1184950 | 7704719 | 3607000 | 12496669 | 11999148 | 0 | * 317387 *** 180134 | 0 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 4213440 | 0 | 14743512 | 18956952 | 13873135 | ** 3163512 | *** 5083817 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 110176 | 0 | 4131000 | 4241176 | 3785932 | 0 | *** 455244 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2093087 | 0 | 3242000 | 5335087 | 3964038 | 0 | *** 1371049 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 2260360 | 0 | 5963794 | 14187948 | 6996038 | ** 1129980 | *** 98136 | 0 |
| ലോക ബാങ്ക് സഹായം | 3611188 | 0 | 3411227 | 7022415 | 1882860 | ** 3411227 | *** 1728328 | |

* ചെലവഴിക്കാത്ത തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചത്

**VPFA IIaയിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക

***ചെലവഴിക്കാത്ത തുക lapse ആയത്

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 240 | 208 | 6 | 26 | 87% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 23 | 21 | 5828445 | 5000858 | 86% |
| അസി.സെക്രട്ടറി | 08 | 07 | 7485100 | 6637600 | 89% |
| അസി.എഞ്ചിനിയർ | 173 | 152 | 31448481 | 24435894 | 78% |
| മെഡിക്കൽ ഓഫീസർ | 03 | 03 | 561985 | 543477 | 97% |

| | | | | | |
|---|---|---|---|---|---|
| (പി.എച്ച്.സി.) | | | | | |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01 | 01 | 200000 | 200000 | 100% |
| വെറ്റിനറി സർജൻ | 02 | 02 | 1850000 | 725000 | 39% |
| കൃഷി ഓഫീസർ | 08 | 07 | 6733151 | 1783265 | 26% |
| ICDS സൂപ്പർവൈസർ | 04 | 04 | 2916682 | 2664883 | 91% |
| വി.ഇ.ഒ | 15 | 09 | 32554497 | 5081100 | 16% |
| ഹെഡ് മാസ്റ്റർ | 03 | 03 | 984850 | 984850 | 100% |
| ആകെ: | 240 | 209 | 90563191 | 48056927 | |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം (2014-15) | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3346744 | 3183700 | -163044 | -4.87 |
| നികുതിയേതര വരവുകൾ | 410167 | 605006 | 194839 | 47.5 |
| മറ്റുവരവുകൾ | 362536 | 109106 | -253430 | -69.9 |
| ആകെ | 4119447 | 3897812 | -221635 | -5.38 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷക ത്തൊഴിലാളി പെൻഷൻ | 38 | 22 | 02 | |
| 2 | തൊഴിൽ രഹിത വേതനം | 12 | 04 | 07 | |
| 3 | വിധവാ പെൻഷൻ | 116 | 66 | 03 | |
| 4 | വികലാംഗ പെൻഷൻ | 28 | 15 | 03 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള | 22 | 15 | 0 | |

| | | | | | |
|---|---|---|---|---|---|
| | പെൻഷൻ | | | | |
| 6 | വാർദ്ധക്യകാല പെൻഷൻ | 78 | 50 | 08 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-11-2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 14860 /- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതി ന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 19.10.2016 | 1/9/16 മുതൽ 30/9/16 വരെ | ലഭിച്ചിട്ടില്ല | - |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 13.5.2011 | 2006-07 മുതൽ 2010-11 വരെ | 4.7.2011 | - |

## 1-11 അനുബന്ധ പത്രിക

അനുബന്ധം-1: ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബിൽഡിംഗ് പെർമിറ്റ് അപാകതകൾ സംബന്ധിച്ച്

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് മുഖേന ലഭിക്കുന്ന പെർമിറ്റ് അപേക്ഷകളിൽ, അപേക്ഷകളുടെ മുൻഗണനപ്രകാരമാണ് തീർപ്പ് കൽപ്പിക്കേണ്ടതെങ്കിലും, ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററും, അപേക്ഷകളും പരിശോധിച്ചതിൽ അത്തരത്തിലുള്ള മുൻഗണന ക്രമം പൂർണ്ണമായും പാലിക്കുന്നതായി കണ്ടില്ല.
കൂടാതെ 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം-14 പ്രകാരം അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം ആയത് തീർപ്പാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ പെർമിറ്റ് ലഭിക്കുന്നതിലേക്കായി ലഭിച്ച ധാരാളം അപേക്ഷകൾ നാളിതുവരെ തീർപ്പാക്കാതെ ദീർഘകാലമായി പഞ്ചായത്തിൽ കെട്ടിക്കിടക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രനം | അപേക്ഷ നം | അപേക്ഷിച്ച തിയ്യതി | അപേക്ഷകൻ |
|---|---|---|---|
| 1 | എ4/3273/15 | 30.05.2015 | മുജീബ് റഹ്മാൻ |
| 2 | എ4/3123/15 | 23.05.2015 | മുഹമ്മദ് |

| | | | |
|---|---|---|---|
| 3 | എ4/4217/15 | 17.07.2015 | ഫാത്തിമ |
| 4 | എ4/4491/15 | 29.07.2015 | മുഹമ്മദ് അലി |
| 5 | എ4/4490/15 | 29.07.2015 | സി.കെ.സേതുമാധവൻ |
| 6 | എ4/4487/15 | 29.07.2015 | ജഷീല പ്രവീൺ |
| 7 | എ4/4489/15 | 29.07.2015 | രാമൻ നമ്പൂതിരി |
| 8 | എ4/4640/15 | 6.08.2015 | ഷരീഫ് |
| 9 | എ4/4856/15 | 20.08.2015 | പാർവതി പൊതുവാൾ |
| 10 | എ4/4975/15 | 26.08.2015 | ഹസീബ |

അപേക്ഷകൾ മുൻഗണനാടിസ്ഥാനത്തിൽ കൈകാര്യം ചെയ്യേണ്ടതും, നിശ്ചിത സമയക്രമത്തിനുള്ളിൽ തന്നെ ആയവ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം 7/15.11.2015 പ്രകാരം ഇക്കാര്യം സെക്രട്ടറിയെ അറിയിച്ചുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 2-2 ഡി & ഒ ലൈസൻസ് ഫീ അപാകതകൾ സംബന്ധിച്ച്

ഓഡിറ്റ് കാലയളവിലെ ഡി & ഒ ലൈസൻസ് പരിശോധനയിൽ താഴെ കാണും പ്രകാരമുള്ള അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്

- സർക്കുലർ നം 66562/ആർ സി.3/12 ത സ്വ ഭ വ തിഃ 10.1.2013 പ്രകാരം ഹെൽത്ത് ഇൻസ്പെക്ടറുടെ സ്ഥലപരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ലാതെ ഡി & ഒ ലൈസൻസുകൾ നൽകാൻ പാടില്ലെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാല് ഭൂരിപക്ഷം അപേക്ഷയിന്മേലും സ്ഥലപരിശോധന റിപ്പോർട്ട് കാണുന്നില്ല.
- പഞ്ചായത്ത് വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസില്ലാതെ ഏതെങ്കിലും സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.(പഞ്ചായത്ത് തയ്യാറാക്കിയിരിക്കുന്ന ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല) അപേക്ഷകളിൽ പലതും തന്നെ ദിവസേനെയുള്ള വിറ്റുവരവ് ഉൾപ്പെടെയുള്ള കോളങ്ങൾ പൂരിപ്പിക്കാത്തവയും, അന്വേഷണ റിപ്പോർട്ടില്ലാത്തവയുമാണ്. അതിനാൽ തന്നെ ലൈസൻസ് ഫീ ഈടാക്കിയിരിക്കുന്നത് ചട്ട പ്രകാരം തന്നെയാണോ എന്നും, ആയതിൽ പഞ്ചായത്തിന് നഷ്ടം പറ്റിയിട്ടുണ്ടോയെന്നും ഉറപ്പാക്കാനാവില്ല. കേ പ രാ ആക്ട് സെക്ഷൻ 232(1) പ്രകാരം ഗ്രാമ പഞ്ചായത്തു നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്കു വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ല. ഈ വ്യവസ്ഥ പാലിക്കേണ്ടതും, വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്ത് പരിശോധിയിലുള്ള മുഴുവൻ ക്വാറികൾ, വ്യവസായ സ്ഥാപനങ്ങൾ. മറ്റു വ്യാപാരസ്ഥാപനങ്ങൾ മുതലായവ ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസോടു കൂടിയാണ് പ്രവർത്തിക്കുന്നതെന്നും ഉറപ്പാക്കേണ്ടതാണ്.
- ലൈസൻസ് ഫീ അപേക്ഷകളിന്മേൽ പതിക്കുന്ന കോർട്ട് ഫീ സ്റ്റാമ്പുകളൊന്നും തന്നെ കാൻസൽ ചെയ്യുന്നതായി കാണുന്നില്ല
- അപേക്ഷകരിൽ നിന്നും 50 മൈക്രോണിൽതാഴെയുള്ള പ്ലാസ്റ്റിക് ഉൽപന്നങ്ങൾവിൽക്കുകയോ, ശേഖരിക്കുകയോ ചെയ്യരുതെന്നുള്ള അണ്ടർടേക്കിംഗ് എഴുതി വാങ്ങുന്നില്ല.
- നിയമപ്രകാരം വേണ്ട നിരാക്ഷേപ പത്രങ്ങളില്ലാതെ ചില സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീ അനുവദിച്ചതായി കണ്ടു. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു

| ക്രനം | അപേക്ഷകൻ/ അപേക്ഷക | സ്ഥാപനം | കെട്ടിട നം | ലൈസൻസ് നമ്പർ | ഹാജരാക്കാത്ത നിരാക്ഷേപപത്രം |
|---|---|---|---|---|---|
| 1 | ഖദീജ.കെ.പി | ഫാത്തിമ | 12/54 | എ3/1319/15 | രജിസ്ട്രേഷൻ |

| | | | | | |
|---|---|---|---|---|---|
| | | ഹെൽത്ത് കെയർ ട്രേഡിംഗ് | | | സർട്ടിഫിക്കറ്റ് |
| 2 | കമലം നടുക്കളത്തിൽ | എൻ. ആർ. എസ് പൌൾട്ടറി ഫാം | 4/411(എ), 411(ബി) | എ3/1375/15 | സാനിട്ടറി സർട്ടിഫിക്കറ്റ് |
| 3 | മേരി.കെ.ജി | ലബോറട്ടറി | 3/355 | 15/15-16 /13.7.15 | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് |

മുകളിൽ പറഞ്ഞ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 5/14.11.2015 പ്രകാരം ഇക്കാര്യം സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്)

## 2-3 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2015-16 സാമ്പത്തിക വർഷത്തിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. കൂടാതെ സ്ഥാപന നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ ചില സ്ഥാപനങ്ങളിൽ നിന്നും ആയത് ഈടാക്കിയതായും കാണുന്നില്ല.വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | തൊഴിൽ നികുതി/സ്ഥാപന നികുതി സംബന്ധിച്ച അപാകത |
|---|---|
| ബ്രാഞ്ച് പോസ്റ്റാഫീസ്, വാക്കടപുരം | ഇരു അർദ്ധ വർഷങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| ബ്രാഞ്ച് പോസ്റ്റാഫീസ് പൊമ്പ്ര | രണ്ടാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| എസ്. ബി. ടി കരിമ്പുഴ | രണ്ടാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല. |
| | രണ്ടാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| ബ്രാഞ്ച് പോസ്റ്റാഫീസ്, | രണ്ടാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |

ഈടാക്കാൻ ബാക്കിയുള്ള തൊഴിൽ നികുതി/ സ്ഥാപന നികുതി ഈടാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പാലിയേറ്റീവ് കെയർ-വാഹനവാടക സർക്കാർ അനുവദിച്ച നിരക്കിലും അധികം നൽകി

2015-16 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പെയിൻ ആന്റ് പാലിയേറ്റിവ് കെയർ എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.വിശദാംശം ചുവടെ ചേർക്കുന്നു.

അടങ്കൽ :416000

ചെലവ് :402360

വിഭവ സ്രോതസ്സ് : പ്ലാൻ ഫണ്ട് ജനറൽ

| ക്രമ നം | ബിൽ നം ,തിയതി | തുക |
|---|---|---|
| 1 | 04/08-07-2015 | 44486 |
| 2 | 07/24-08-2015 | 56914 |
| 3 | 11/21-10-2015 | 73725 |
| 4 | 12/21-12-2015 | 58587 |
| 5 | 13/30-01-2016 | 28130 |
| 6 | 14/26-03-2016 | 87939 |
| 7 | 15/30-03-2016 | 52579 |
| | ആകെ | 402360 |

ദീർഘകാല രോഗങ്ങളാലും മാറാരോഗങ്ങളാലും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിവരുന്ന പഞ്ചായത്തുപരിധിയിലെ 130 ആളുകളെയാണ് പ്രോജക്ടിൽ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്.ഈ പ്രോജക്ടിൽ ആകെ ചെലവഴിച്ച തുകയുടെ വിവരം ഇനം തിരിച്ച് താഴെ കൊടുക്കുന്നു.

| ക്രമ നം | ചെലവിനം | തുക |
|---|---|---|
| 1 | വാഹന ചെലവ് | 164000 |
| 2 | ഹോണറേറിയം | 120000 |
| 3 | ഭക്ഷണം | 31400 |
| 4 | മരുന്ന് | 24229 |
| 5 | ഹോംകെയർ സാമഗ്രികൾ | 17271 |
| 6 | മറ്റിനം | 45460 |
| | ആകെ | 402360 |

പാലിയേറ്റീവ് കെയറിന്റെ അടിത്തറ വീടുകൾ കേന്ദ്രീകരിച്ചുള്ള ചികിൽസയായതിനാൽ മേൽ പ്രൊജക്ടിൽ KL11-H9437 എന്ന വാഹനം വാടകയ്ക്ക് എടുത്ത് ഗൃഹകേന്ദ്രീകൃത പരിചരണത്തിനായി മാസത്തിൽ 10ദിവസം എന്ന തോതിൽ യാത്ര ചെയ്യുകയും ആയതിന്റെ വാടകയിനത്തിൽ 1,64,000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ പ്രസ്തുത വാഹനത്തിന്റെ ട്രിപ്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.മോട്ടോർ വാഹന വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉപയോഗിച്ച വാഹനത്തിന്റ വിവരങ്ങൾ പരിശോധിച്ചതിൽ

വാഹനം മഹീന്ദ്ര &മഹീന്ദ്രയുടെ നോൺ ട്രാൻസ്പോർട്ട് LMV വിഭാഗത്തിൽ ഉൾപ്പെടുന്നതാണ് എന്നു കാണുന്നു.

സർക്കാർ ഉത്തരവ് (ആർ.ടി) 3217/2015 ത.സ്വ.ഭ.വ തിയതി 29-10-2015 -പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ ഗൃഹ സന്ദർശനത്തിന് മറ്റ് രീതിയിൽ വാഹനം ലഭ്യമാക്കാൻ പറ്റാത്ത സാഹചര്യത്തിൽ ദിവസ വാടക നിരക്ക് പരമാവധി 1100 രൂപ എന്ന പരിധിക്ക് വിധേയമായി വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയിൽ 15000 രൂപ പ്രകാരമാണ് ഏപ്രിൽ 2015 മുതൽ നവംബർ 2015 വരെയും തുക നൽകിയിട്ടുണ്ട്.(പ്രതിദിനം 1500 രൂപ തോതിൽ 10 ദിവസത്തേക്ക്) മേൽ പരാമർശിച്ച സർക്കാർ ഉത്തരവിനുശേഷം പരിധി ലംഘിച്ച് നവംബർ മാസത്തിൽ അധികം നൽകിയ 4000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.(ബിൽനം.13/15-16 തിയതി 30-01-2016 തുക 28130.)ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഓഡിറ്റ് കാലയളവിൽ വാഹന വാടകയിനത്തിൽ നൽകിയ160000രൂപ ആധികാരികമായ ട്രിപ് ഷീറ്റിന്റെ അഭാവത്തിൽതടസ്സപ്പെടുത്തുന്നു.മതിയായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 കമ്പ്യൂട്ടർ വാങ്ങൽ-അപാകങ്ങൾ

ഓഡിറ്റ് കാലയളവിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രോജക്ട് പ്രകാരം കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്.

വർഷം : 2015-16

*പ്രൊജക്ട് നം : 251/16 – സകർമ്മ- കമ്പ്യൂട്ടർ വാങ്ങൽ*
*നിർവഹണം. സെക്രട്ടറി*
*അടങ്കൽ : 105000 കെ.എൽ.ജി.എസ്.ഡി.പി*
*ചെലവ് : 105000(SBIഡി.ഡി. നം. 391420 തിയതി 06.4.13)*
*സർക്കാർ ഉത്തരവ് (സാധാ)നം. 1838/2012/തസ്വഭവ തിയതി 3-7-2012 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഡി.ജി.എസ് & ഡി നിരക്കുകളേക്കാൾ കുറഞ്ഞ നിരക്കിൽ നേരിട്ടോ, എതെങ്കിലും ഉപകരണങ്ങൾക്ക് ഡി.ജി.എസ് & ഡി നിരക്കുകൾ നിലവിലില്ലെങ്കിൽ കെൽട്രോണിൽ നിന്നും നേരിട്ടോ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങേണ്ടതാണെന്ന് മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.*

ഈ പ്രൊജക്ട് പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ 2ടെണ്ടറുകൾ ലഭിക്കുകയുണ്ടായി.

1.M/s.അക്ഷര എന്റർപ്രൈസസ്,പാലക്കാട്- 52500

2സലിം,കരിമ്പ- - 55125

പ്രൊക്യൂയർമെന്റ് കമ്മിറ്റിയുടെ 27-02-2015ലെ 6-ാം നമ്പർ തീരുമാനപ്രകാരം കുറഞ്ഞതുക ക്വാട്ട് ചെയ്ത അക്ഷര എന്റെർപ്രൈസസ് എന്ന സ്ഥാപനത്തിനാണ് ടെണ്ടർ നല്കിയിട്ടുള്ളത്. മേൽ സ്ഥാപനത്തിൽനിന്നും വാങ്ങിയ 2 HP ബ്രാന്റ് കമ്പ്യൂട്ടറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ചെലവ് | ഫണ്ടിനം | ആർജ്ജിച്ച സാമഗ്രികൾ | | വാങ്ങലിനായി അവലംബിച്ച രീതി |
|---|---|---|---|---|---|
| | | | ഇനം | എണ്ണം | |
| 2015-16 | 105000 | KLGSDP | കമ്പ്യൂട്ടർ | 2 | ടെണ്ടർ മുഖേന |

സ്പെസിഫിക്കേഷൻ

Intel Core i3 Processor, 2 GB DDR3 RAM, 1TB HDD, 19.5” Monitor എന്നീ സ്പെസിഫിക്കേഷനോടുകൂടിയ ഒരു കമ്പ്യൂട്ടറിന് നികുതികൾ ഉൾപ്പെടെ 105000രൂപയാണ് അക്ഷര എന്റെർപ്രൈസസ് എന്ന സ്ഥാപനത്തിന്

നൽകിയിരിക്കുന്നത്. (ഇൻവോയ്സ് നം. 460 /dt 26.3.16)

1.വാങ്ങലിലെ അപാകതകൾ

ഡി.ജി.എസ് & ഡി നിരക്ക് പ്രകാരം (നം. Computers/IT-1/RC-71090000/1215/81/O0259/4541/53758) മേൽപറഞ്ഞ സ്പെസിഫിക്കേഷനിലുള്ള ഒരു HP കമ്പ്യൂട്ടറിന്റെ വില നികുതികൾ ഉൾപ്പെടെ 46725 രൂപ മാത്രമാണ്. ആ നിലയ്ക്ക് ഒരു കമ്പ്യൂട്ടറിന് ഡി.ജി.എസ് & ഡി നിരക്കിനെക്കാൾ 5775 (52500 – 46725) രൂപ അധികം നൽകിയാണ് കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുള്ളത്. ആകെ 2 കമ്പ്യൂട്ടറുകൾക്കുംകൂടി 11550 രൂപ അധിക ചെലവുണ്ടായി.

2.കമ്പ്യൂട്ടറുകളിൽ മെമ്മറി കുറവ്

പ്രോജക്റ്റ് നം. 251/16പ്രകാരം ഗ്രാമപഞ്ചായത്തിലേക്ക് വാങ്ങിയ 2കമ്പ്യൂട്ടറുകൾക്കും ടെണ്ടർ ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന സ്പെസിഫിക്കേഷനാണുള്ളത്.

Intel core i3 processor,Intel H81 Chipset motherboard, 4 GB DDR3-(1333MHz) RAM, 500 GB SATA HDD (7200 rpm), 18.5” WTFT colour monitor.Microsoft Windows7 preloaded with 5 year onsite warrenty.

എന്നാൽ അക്ഷര എന്റർപ്രൈസസിൽ നിന്നും ലഭ്യമാക്കിയ 2കമ്പ്യൂട്ടറുകൾക്കും താഴെ പറയുന്ന സ്പെസിഫിക്കേഷനാണുള്ളത്.

Intel core i3 processor,Intel H81 Chipset motherboard, 2 GB DDR3-(1333MHz) RAM, 1TB SATA HDD (7200 rpm), 19.5” LED monitor.Microsoft Windows7 preloaded with 3+2 year onsite warrenty.

പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ രണ്ട് കമ്പ്യൂട്ടറുകളിലും 2 GB RAM മാത്രമാണുള്ളതെന്ന് ബോധ്യപ്പെട്ടു. എന്നാൽ അക്ഷര എന്റെർപ്രൈസസ്സ് തുക ഈടാക്കിയിട്ടുള്ളത് ഡി .ജി.എസ് & ഡി റേറ്റ് പ്രകാരം 4 GB RAM ഉൾപ്പെടുന്ന കമ്പ്യൂട്ടറിന്റെ വിലയാണ്. ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നതും 4 GB RAM ഉൾപ്പെടുന്ന കമ്പ്യൂട്ടറാണ്.

3. സോഫ്റ്റ് വെയറുകളുടെ ലൈസൻസ്

വിൻഡോസ് 7 ഉൾപ്പെടുന്ന കമ്പ്യൂട്ടറുകളാണ് വാങ്ങിയിട്ടുള്ളതെങ്കിലും ഒരു കമ്പ്യൂട്ടറിൽ ആയത് മാറ്റിയതിനുശേഷം വിൻഡോസ് എക്സ്.പി ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ഭൗതിക പരിശോധനയിൽ ഇക്കാര്യം ബോധ്യപ്പെട്ടു. ലൈസൻസ് ഉള്ള ഓപ്പറേറ്റിംഗ് സിസ്റ്റം മാറ്റി ലൈസൻസ് ഇല്ലാത്ത ഓപ്പറേറ്റിംഗ് സിസ്റ്റം ഉപയോഗിക്കുന്നത് ക്രമപ്രകാരമല്ല.

4.സ്പെസിഫിക്കേഷൻ ടെക്നിക്കൽ അസിസ്റ്റന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ലഭ്യമായ കമ്പ്യൂട്ടറുകളിൽ ഉപയോഗിച്ചിട്ടുള്ള ഹാർഡ് വെയറും സോഫ്റ്റ് വെയറും നിർദ്ദിഷ്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണെന്ന് ടെക്നിക്കൽ അസിസ്റ്റന്റ് പരിശോധിച്ച് ഉറപ്പാക്കുകയും ആയത് ബ്ലോക്ക് ലെവൽ ടെക്നിക്കൽ അസിസ്റ്റന്റ് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് സെക്രട്ടറിക്ക് രേഖാമൂലം എൻക്വയറി നൽകിയെങ്കിലും DGS&D റേറ്റിൽ അധികരിച്ച് കമ്പ്യൂട്ടറുകൾ വാങ്ങിയതിന് മതിയായ വിശദീകരണം ലഭ്യമാക്കാത്തതിനാൽ അധികം നൽകിയ 11550/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 കണക്റ്റിവിറ്റി പ്ലാൻ നടപ്പാക്കിയില്ല

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള വിവധതരം റോഡുകളുടെ സർവ്വേ നടത്തി റോഡ്നെറ്റു വർക്ക് പ്ലാൻ തയ്യാറാക്കണമെന്നും, ഈ റോഡ് നെറ്റു വർക്ക് പ്ലാനിന്റെ അടിസ്ഥാനത്തിൽ

മുൻഗണനന നിശ്ചയിച്ച് പുതിയ റോഡുകളുടെയും, പുനരുദ്ധരിക്കേണ്ട റോഡുകളുടെയും പ്രോജക്ടുകൾ ഏറ്റെടുക്കണമെന്നും സർക്കാർ നിഷ്കർഷിച്ചിരുന്നു. പുതിയതായി നിർമ്മിക്കേണ്ടതും, പരിഷ്കരിക്കേണ്ടതുമായ റോഡുകളെ ചെറിയ കഷണങ്ങളാക്കി പ്രോജക്ടുകൾ ഉണ്ടാക്കാതെ ഓരോ റോഡിന്റെയും മുഴുവൻ നീളത്തിനാണ് പ്രോജക്ട് ഉണ്ടാക്കേണ്ടത്. ഒരു റോഡ് നിർമ്മാണം, ഒന്നിൽ കൂടുതൽ വർഷം നീണ്ടുപോയാലും, ഒറ്റ പ്രോജക്ടായി തന്നെ പൂർത്തിയാക്കേണ്ടതാണ്. എന്നാൽ സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പശ്ചാത്തല മേഖലയിൽ റോഡ് വികസനത്തിന് വകയിരുത്തിയ തുക വാർഡ് അടിസ്ഥാനത്തിൽ വീതം വെച്ച് ചെറിയ നീളം കോൺക്രീറ്റ്/റീടാറിംഗ് ചെയ്യുന്നതിനുള്ള പ്രവൃത്തികളാണ് ഓഡിറ്റിൽ കാലയളവിൽ ഏറെയും ഏറ്റെടുത്തിട്ടുള്ളത്.

വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നത് വിഭവ വിന്യാസത്തിന്റെ ഫലപ്രാപ്തിയെ സാരമായി ബാധിക്കും എന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് സമസ്തമേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികളാണ് തയ്യാറേക്കണ്ടത്. പശ്ചാത്തല വികസനത്തിന് ലഭ്യമായ തുക വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്നത് തെറ്റായ പ്രവണതയാണ്. വാർഡ് വികസനമെന്ന സങ്കുചിത കാഴ്ചപ്പാടിൽനിന്നും പുറത്തുവന്ന് സമസ്തമേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്രപദ്ധതികൾ തയ്യാറാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി ശ്രദ്ധപതിപ്പിക്കേണ്ടതാണ്. അതുപോലെ തന്നെ പഞ്ചായത്തിലെ വിവിധതരം റോഡുകളുടെ സർവ്വേ നടത്തി റോഡ്നെറ്റ് വർക്ക് പ്ലാൻ തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം റോഡ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും നടപടിയുണ്ടാകേണ്ടതാണ്.

## 3-4 കരുതൽ നിക്ഷേപം ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്ത് വരവ് വച്ചിട്ടില്ല.

പ്രൊജക്ട് നം 251/16 സകർമ-കമ്പ്യൂട്ടർ വാങ്ങൽ എന്ന പദ്ധതിക്കുവേണ്ടി അക്ഷര എന്റർപ്രൈസസ് എന്ന സ്ഥാപനം സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ 5300 (2700+2600) രൂപ സെക്രട്ടറിയുടെ യുടെ പേരിൽ ഡിഡി ആയി സമർപ്പിച്ചിരുന്നു. (നം-643180തി. 22-02-2016 തുക 2700, നം.101098 തി.28-03-2016 തുക2600). എന്നാൽ പ്രസ്തുത ഡി.ഡി-കൾ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കാതെ ഫയലിൽത്തന്നെ സൂക്ഷിച്ചിരിക്കുകയാണ്. ഈ തുക നാളിതുവരെയായി ഡെപ്പോസിറ്റ് രജിസ്റ്ററിലും ചേർത്തിട്ടില്ല. മേൽ നടപടികൾ ക്രമപ്രകാരമല്ല. ഡി.ഡി റീ-വാലിഡേറ്റ് ചെയ്ത് തനത്ഫണ്ടിൽ നിക്ഷേപിക്കാതെ സെക്യൂരിറ്റി തുക റീ-ഫണ്ട് ചെയ്യാവുന്നതല്ല എന്ന വസ്തുത ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-5 കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതം അടവാക്കിയത് നിരീക്ഷിക്കാൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതം ഇനത്തിൽ 211992 രൂപ ഈടാക്കിയിട്ടുണ്ട്. ഓരോ പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കുന്ന തുക പ്രത്യേകം പ്രത്യേകം ഡിമാന്റ് ഡ്രാഫ്ററ് എടുത്ത് ക്ഷേമനിധിബോർഡിലേക്ക് അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. തൻവർഷം ഈടാക്കിയ മുഴുവൻ തുകകളും ക്ഷേമനിധിബോർഡിലേക്ക് അയച്ചുകൊടുത്തതായി അറിയിച്ചെങ്കിലും ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല. ക്ഷേമനിധിവിഹിതം ഈടാക്കിയത് അടവാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല . ക്ഷേമനിധിബോർഡിന്റെ കൈപ്പറ്റ് രശീതിയും ലഭ്യമാക്കിയില്ല.

## 3-6 അസാധാരണ ചെലവ്-ചട്ടങ്ങൾ പാലിക്കണം

2015-16 ലെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ ഉദ്ഘാടനങ്ങൾ, സംഭാവനകൾ തുടങ്ങിയ ഇനങ്ങളിൽ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് അസാധാരണ ചെലവിനങ്ങളായി പരിഗണിക്കാതെ

ദൈനംദിന ചെലവായാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് കാണുന്നു. ചെലവ് രേഖകളിൽ അസാധാരണ ചെലവ് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തിയിരിക്കണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതും അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ തനത് ഫണ്ട് മെച്ചപ്പെടുത്തേണ്ടതുണ്ട് എന്നത് കൂടി പരിഗണിച്ച്, അസാധാരണ ചെലവുകൾ നിർവ്വഹിക്കുമ്പോൾ 2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ കർശനമായും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ആശ്രയ പദ്ധതി- അവലോകനം

ഗ്രാമപഞ്ചായത്തിലെ അഗതി കുടുംബങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ആസൂത്രണം ചെയ്ത ഒന്നാംഘട്ട ആശ്രയ പദ്ധതിയിൽ വിഭാവനംചെയ്ത പ്രവർത്തനങ്ങൾ താഴെ പറയും പ്രകാരമാണ്.

| ആവശ്യകതാ ഘടകങ്ങൾ | ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം | സേവനം ലഭ്യമായവരുടെ എണ്ണം | സേവനം ലഭ്യമാകാത്തവരുടെ എണ്ണം. | റിമാർക്സ് |
|---|---|---|---|---|
| വീട് വെക്കാൻ സ്ഥലം | 18 | 3 | - | മറ്റ് ഭവന നിർമ്മാണ പദ്ധതികളുടെ ഭാഗമായി സേവനം ലഭ്യമാക്കിയതായി അറിയിച്ചു. ആയതിന് പ്രത്യേകമായി വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. |
| ഭവന നിർമ്മാണം | 42 | 25 | 17 | |
| വീട് പുനരുദ്ധാരണം | 30 | 14 | 16 | |
| കുടിവെള്ളം | 8 | - | 8 | |
| സ്വയം തൊഴിൽ | 5 | - | 5 | |

വകയിരുത്തിയ തുക

| ഫണ്ട് ഇനം | തുക | സി.ഡി.എസ് അക്കൗണ്ടിൽ ലഭ്യമായ തുക | ചെലവഴിച്ചത് | ബാക്കി |
|---|---|---|---|---|
| പദ്ധതി വിഹിതം (ജനറൽ, എസ്.സി.പി, | 644300 | 518500 | 511000 | 7500 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം) | | | | |
| കുടുംബശ്രീ ചലഞ്ച് ഫണ്ട് | 1432600 | 1000000 | 515756 | 484244 |
| മറ്റുള്ളവ | 567000 | - | - | - |
| ആകെ | 4155400 | 1737000 | 1245006 | 491994 |

ഒന്നാംഘട്ടം - തുടർസേവന പദ്ധതി

16.1.2010 ന് അംഗീകാരം ലഭിച്ച

| ആവശ്യകതാ ഘടകങ്ങൾ | ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം | സേവനം ലഭ്യമായവരുടെ എണ്ണം | സേവനം ലഭ്യമാകാത്തവരുടെ എണ്ണം. |
|---|---|---|---|
| ഭക്ഷണം | 51 | 51 | 0 |
| ചികിൽസ | 42 | 42 | 0 |
| വിദ്യാഭ്യാസം | 1 | 0 | 1 |
| വീട് | 11 | 0 | 11 |
| വീട് റിപ്പയർ | 3 | 0 | 3 |

തുടർ സേവന പദ്ധതിയിലെ ഗുണഭോക്താക്കൾക്കുവേണ്ടി താഴെ പറയും പ്രകാരം തുക വകയിരുത്തിയിട്ടുണ്ട്.

| ഫണ്ട് ഇനം | തുക | സി.ഡി.എസ് അക്കൗണ്ടിൽ ലഭ്യമായ തുക | ചെലവഴിച്ചത് | ബാക്കി | സി.ഡി.എസ് അക്കൗണ്ടിലേക്ക് ലഭ്യമാക്കാതിരുന്ന തുക |
|---|---|---|---|---|---|
| പദ്ധതി വിഹിതം (ജനറൽ, എസ്.സി.പി, പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം) | 2151500 | 7750 | 0 | 0 | 2149750 |
| കുടുംബശ്രീ ചലഞ്ച് ഫണ്ട് | 168880 | 484244 | 76768 | 92112 | 0 |
| മറ്റുള്ളവ | 33000 | 0 | 0 | 0 | 33000 |

| | | | | | |
|---|---|---|---|---|---|
| ആകെ | 2359380 | 491994 | 76768 | 0 | 2182750 |

നിലവിൽ തുടർന്നു വരുന്ന രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ സേവന- വിഭവ സമാഹരണ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ആവശ്യകതാ ഘടകങ്ങൾ | ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം | സേവനം ലഭ്യമായവരുടെ എണ്ണം | സേവനം ലഭ്യമാകാത്തവരുടെ എണ്ണം/ |
|---|---|---|---|
| ഭക്ഷണം | 134 | 134 | സേവനം തുടർന്നു പോരുന്നു |
| വിദ്യാഭ്യാസം | 1 | 0 | |
| ചികിൽസ | 134 | 0 | |
| വീട് | 11 | 0 | |
| വീട് റിപ്പയർ | 64 | 17 | |
| കക്കൂസ് | 1 | 0 | |

വകയിരുത്തിയ തുക

| ഫണ്ട് ഇനം | വകയിരുത്തിയ തുക | | | 31.3.2016 വരെ CDS A/Cൽ ലഭ്യമായ തുക | 31.3.2016 വരെ ലഭ്യമായ തിലെ കുറവ് | ചെലവ ഴിച്ചത് |
|---|---|---|---|---|---|---|
| | 2013-14 | 2014-15 | 2015-16 | | | |
| പദ്ധതി വിഹിതം (ജനറൽ, എസ്.സി.പി, പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം) | 1360000 | 1105000 | 1605000 | 425000 | 935000 | 425000 |
| കുടുംബശ്രീ ചലഞ്ച് ഫണ്ട് | 536280 | 474360 | 474360 | 500000 | 36280 | 91694 |
| മറ്റുള്ളവ | 107200 | 107200 | 107200 | 0 | 107200 | 0 |
| ആകെ | 2003480 | 1686560 | 2186560 | 925000 | 1078480 | 0 |

2014-15 വർഷത്തെ പദ്ധതി സ്പിൽ ഓവറായതിന് വേണ്ടി 450000 രൂപ പദ്ധതി വിഹിതം നീക്കി വെക്കുകയും അതിൽ നിന്ന് 425000 രൂപ സി.ഡി.എസ് ന് നൽകുകയും ചെയ്തിട്ടുണ്ട്. 2015-16 വർഷത്തിൽ ആശ്രയ പദ്ധതിക്കുവേണ്ടി പുതിയതായി വകയിരുത്തിയത് 50000 രൂപ മാത്രമാണ് (പ്രൊ.നം-217/15-16-

തനത്ഫണ്ട്). ഇത് ചെലവഴിച്ചിട്ടുമില്ല. മറ്റ് പദ്ധതികൾക്ക് അംഗീകാരം ലഭിക്കുന്നതിനുവേണ്ടി മാത്രം നിർബന്ധിത പദ്ധതി എന്ന നിലയിൽ ആശ്രയ പദ്ധതി തയ്യാറാക്കി അംഗീകാരം നേടുകയും തുക യഥാസമയം ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നത് ശരിയായ നടപടിയല്ല.

ആശ്രയ പദ്ധതിയുടെ സുതാര്യമായ നടത്തിപ്പ് ഉറപ്പാക്കുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 150000 | പ്രൊജക്ട് നം.203/15-16 സമഗ്ര നെൽകൃഷി വികസനം | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 90000 | -ടി- | 90000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ശാരീരിക മനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ

(i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

| ക്രമ | 2015-16 | ഉദ്ദേശ്യം | നിശ്ചിത | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം |
|---|---|---|---|---|---|

| നം. | ൽ ലഭിച്ച വായ്പ | | കാലാവധിയിൽ ചെലവഴിച്ച തുക | | നേടിത് സംബന്ധിച്ച വിവരം. |
|---|---|---|---|---|---|
| ഇല്ല | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 40258രൂപയുടെ വരവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10, 10-11 | 3-14 | 21940 | വിനോദ്.സി കോൺട്രാക്ടർ | 11505100379 / 13-4-2015 |
| 2011-12 | ലഭ്യമല്ല | 3601 | മോടേർൺ സാനിറ്ററി | 11515101642 / 31-8-2015 |
| ലഭ്യമല്ല | „ | 140 | - | 11515104885 /19-12-2015 |
| „ | ',, | 14577 | - | 11515107966 / 22-3-2016 |
| | ആകെ | 40258 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-12 | 2013-14 | 3.1 | അധികരിച്ച ചെലവിൽ പോഷകാഹാര വിതരണം | സാധൂകരണത്തിന് സമർപ്പിച്ചിട്ടുണ്ട് |

# 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രി കളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീക രിച്ച വർഷം / തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ച തിൻെറ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടു വിച്ച വിവരം | ചാർട്ടേർഡ് അക്കൗണ്ടൻറ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിൻെറ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | പി.എച്ച്.സി. | 22-1-2010 | - | ഇല്ല | - | - | - | - |
| 2 | ഗവ. ആയുർവേദ ആശുപത്രി | രൂപീക രിച്ചിട്ടില്ല | - | - | - | - | - | - |
| 3 | ഗവ. ഹോമിയോ ഡിസ്പെൻ-സറി | -ടി- | - | - | - | - | - | - |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 52378744 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 63331109 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 160000 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 4000 | ഡോ.യാഹിയാ ബാബു<br>മെഡിക്കൽ ഓഫീസർ |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

| ഖണ്ഡിക | നഷ്ടമായ | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | തുക | ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 160000 | ഡോ.യാഹിയാ ബാബു<br>മെഡിക്കൽ ഓഫീസർ |

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഒന്നുമില്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 160000 | ഡോ.യാഹിയാ ബാബു<br>മെഡിക്കൽ ഓഫീസർ |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഒന്നുമില്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.യാഹിയാ ബാബു<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ<br>പ്രാതമികാരോഗ്യ കേന്ദ്രം, ശ്രീകൃഷ്ണപുരം | തോട്ടക്കര ഹൌസ്, പൊമ്പ്ര, കുട്ടിലക്കടവ്, കരിമ്പുഴ പി ഒ, പാലക്കാട് |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്. പി.12/140/18-3-14 | ഫർദർ റിമാർക്സ് |
| 1997-98 | എൽ.എഫ്. പി.8/424(a)/25/12/08 | ടി |

| | | |
|---|---|---|
| 1998-1999 | എൽ.എഫ്. പി.8/849/08/2-6-10 | ടി |
| 1999-2000 | എൽ.എഫ്. പി.8/849(b)/08/2-12-09 | ടി |
| 2000-2001 | എൽ.എഫ്. പി.8/1477/08/17-4-09 | ടി |
| 2001-2002 | എൽ.എഫ്. പി.8/849/09/17-11-09 | ടി |
| 2002-2003 | എൽ.എഫ്. പി.12/1993/11/16-3-11 | ടി |
| 2003-2004 | എൽ.എഫ്. പി.12/1990/11/16-3-11 | ടി |
| 2004-2005 | എൽ.എഫ്. പി.12/1991/11/15-3-12 | ടി |
| 2005-2006 | എൽ.എഫ്.പി.12/1267(1)/12/20-9-12 | ടി |
| 2006-2007 | എൽ.എഫ്. പി.12/1267(2)12/20-9-12 | ടി |
| 2007-2008 | എൽ.എഫ്. പി.12/1267(3)12/20-9-12 | ടി |
| 2008-2009 | എൽ.എഫ്. പി.12/1267(4)12/20-9-12 | ടി |
| 2009-2010<br>2010-2011 | എൽ.എഫ്. പി.12/1414/13/6-12-13 | ടി |
| 2011-2012 | എൽ.എഫ്. പി.12/1022/14/16-7-14 | ടി |
| 2012-13 | നം.എൽ.എഫ്.പി. 12- 340/15/9.04.15 | റിപ്പോർട്ട് |
| 2013-14 &<br>2014-15 | കെ.എസ്സ്.എ.പി.കെ.ഡി.14/1179/2016, തിയതി.1/8/2016 | ,, |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-പികെഡി.12-213/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഫോൺ - 04912420145

E-mail – dopkd.ksad@kerala.gov.in

തിയതി -31-01-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തി വിവരം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കുകയും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-12-213/2017

Kerala State Audit Department

District Audit Office, Palakkad

Tel. 04912520145

E-mail – dopkd.ksad@kerala.gov.in

Date –31-01-2017

Audit Certificate

Certified that I have audited the Annual Financial Statement of Karimpuzha Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Karimpuzha Gramapanchayat for the year 2015-16 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

Abstract of Defects

1. Asset details not updated and linked with Sankhya.

**Deputy Director**